## പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 615 28.02.2018-ലെ മറുപടിയ്ക്ക്

### പട്ടികജാതി പെൺകുട്ടികൾക്ക് നൽകുന്ന വിവാഹ ധനസഹായം

| | ചോദ്യം<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. അടൂർ പ്രകാശ് | | മറുപടി<br>ശ്രീ.എ.കെ. ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
|---|---|---|---|
| എ) | നിർധനരായ പട്ടികജാതി പെൺകുട്ടികൾക്ക് നൽകുന്ന വിവാഹ ധനസഹായം നിലവിലെത്ര രൂപയാണ്; അത് അവസാനമായി പുതുക്കിയത് ഏത് വർഷമാണ് ; | (എ) | നിർദ്ധനരായ പട്ടികജാതി കുടുംബത്തിലെ പെൺകുട്ടികൾക്ക് നൽകുന്ന വിവാഹ ധനസഹായം നിലവിൽ 75,000/-രൂപയാണ്. ഇത് അവസാനമായി പുതുക്കിയത് ഈ സർക്കാർ വന്നശേഷം 22.03.2017-നാണ്. |
| ബി) | പ്രസ്തുത ധനസഹായത്തിന് അപേക്ഷിക്കുന്നതിനുള്ള നിലവിലെ വരുമാന പരിധി എത്രയാണ് ; | | പ്രസ്തുത ധനസഹായത്തിന് അപേക്ഷിക്കുന്നതിനുള്ള നിലവിലെ വരുമാന പരിധി 1,00,000/-രൂപയാണ്. |
| സി) | പ്രസ്തുത ധനസഹായം വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ. എങ്കിൽ ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ നടപടി സ്വീകരിക്കുമോ; | | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി) | പ്രസ്തുത ധനസഹായം നൽകുന്നതിനായി 2018-19 ലെ ബഡ്ജറ്റിൽ എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളത് ; | | 2018-19-ലെ ബഡ്ജറ്റിൽ 55 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. |
| ഇ) | വിവാഹ ധനസഹായവുമായി ബന്ധപ്പെട്ട് നിലവിൽ എത്ര മാസത്തെ കുടിശ്ശികയുണ്ടെന്നും അർഹരായ അപേക്ഷകർക്ക് തുക | | 2017-18 സാമ്പത്തിക വർഷം വിവാഹ ധനസഹായത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയ 55 കോടി രൂപ ചെലവഴിക്കുന്നതിനുള്ള അനുമതി നൽകി |

| | | | | |
|---|---|---|---|---|
| | കാലതാമസം കൂടാതെ നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ ? | | കഴിഞ്ഞു. 2017 ഡിസംബർ മുതലുള്ള അപേക്ഷകളിന്മേൽ ധനസഹായം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**